സാമ്പത്തിക സാക്ഷരതാ കേന്ദ്രങ്ങൾ

20 (*290) ശ്രീ. ഇ. ചന്ദ്രശേഖരൻ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. കെ. രാജു : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സാമ്പത്തിക സാക്ഷരതാ കേന്ദ്രങ്ങൾ പ്രവർക്കിക്കുന്നുണ്ടോ ; എങ്കിൽ എത്ര കേന്ദ്രങ്ങൾ ;

(ബി) പ്രസ്തുത കേന്ദ്രങ്ങളുടെ പ്രവർത്തന ലക്ഷ്യങ്ങൾ എന്തെല്ലാമാണ് ;

(സി) പ്രസ്തുത കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നതിനുള്ള ധനസഹായം ലഭിക്കുന്നതെവിടെ നിന്നെല്ലാമാണെന്ന് വെളിപ്പെടുത്തുമോ ;

(ഡി) എല്ലാ ബ്ലോക്കുകളിലും ഇത്തരം കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ അതിനുള്ള നടപടികൾ എതുവരെയായി എന്ന് വിശദമാക്കുമോ ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ) :

(എ) ഗ്രാമ വികസന വകുപ്പിന് കീഴിലുള്ള 38 ബ്ലോക്ക് പഞ്ചായത്തുകളിൽ സാമ്പത്തിക സാക്ഷരതാ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) സാധാരണക്കാരായ ജനങ്ങൾക്ക് ബാങ്ക് ലഭ്യമാക്കുന്ന സേവനങ്ങൾ സംബന്ധിച്ച് ഉപദേശങ്ങൾ നൽകുകയും ഇത് സംബന്ധിച്ച് സംശയങ്ങൾ ദൂരീകരിക്കുകയുമാണ് ലക്ഷ്യങ്ങൾ.

(സി) ഓരോ ബ്ലോക്കിലും വ്യത്യസ്ത ബാങ്കുകളാണ് ഇത്തരം കേന്ദ്രങ്ങൾ പ്രവർത്തിപ്പിക്കുന്നത്. ഈ കേന്ദ്രങ്ങൾ റിസർവ് ബാങ്കിന്റെ നിയന്ത്രണത്തിലാണ് പ്രവർത്തിക്കുന്നത്.

(ഡി) ഇത് സംബന്ധിച്ച് ആവശ്യം സർക്കാരിൽ ലഭിക്കുന്ന സാഹചര്യത്തിൽ പരിശോധിക്കുന്നതാണ്.

സോയിൽ ഹെൽത്ത് കാർഡുകൾ

21 (*291) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ പി. സി. വിഷ്ണുനാഥ്: താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കർഷകർക്ക് സോയിൽ ഹെൽത്ത് കാർഡുകൾ നൽകുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly